## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2793        14-12-2015-ൽ മറുപടിയ്ക്ക്

### പട്ടികജാതി ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ** | | **ശ്രീ. എ.പി. അനിൽകുമാർ,**<br>(പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | വിവിധ വകുപ്പുകളിൽ പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | എ) യും ബി) യും | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ ചില വകുപ്പുകളിലെ ചില ഒഴിവുകളിൽ ഉദ്യോഗാർത്ഥികളുടെ നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ പ്രത്യേക നിയമനം സംബന്ധിച്ച പരിശോധനയ്ക്കായി 12-06-2015-ലെ സ.ഉ.(എം.എസ്)നം.172/15/ പൊ.ഭ.വ. പ്രകാരം ശ്രീ.വി.ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) ചെയർമാനായും, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.പ്രസ്തുത സമിതി വിവിധ വകുപ്പു മേധാവികളുമായും പബ്ലിക് സർവ്വീസ് കമ്മീഷനുമായും ചർച്ച നടത്തി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | ഇതു സംബന്ധിച്ച പരിശോധനയ്ക്കായി സർക്കാർ ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | | |
| സി) | പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ ? | സി | റിപ്പോർട്ട് നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ